(ബി) ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി കേരള ട്രാൻസ്പോർട്ട് പ്രോജക്ടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തികകൾ

74(774) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സിന്റെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) ഈ തസ്തികകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) എങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I -ന്റെ 36 ഒഴിവുകളും സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 11 ഒഴിവുകളും നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി & സി) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയ്ക്ക് 20-3-2013-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്ന് ഇതുവരെ 45 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 44 ഒഴിവുകൾ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് പ്രസ്തുത ലിസ്റ്റിൽ ഭാഗിക ശ്രവണ വൈകല്യമുള്ള വിഭാഗക്കാരുടെ ഊഴത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽനിന്നും നികത്തുവാൻവേണ്ടി മാറ്റിവച്ചിരിക്കുകയാണ്.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

75(775) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ വിവിധ ഹെഡ്ഡുകളിലായി തുടർച്ചയായി മൂന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ അൻപത് ശതമാനത്തിലധികം ഇതിനകം പിൻവലിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ ഏതൊക്കെയാണ്;

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly